# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 8

09/06/2014-ൽ മറുപടിയ്ക്ക്

### മത്സ്യസമ്പത്തിന്റെ പരിരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ദാസൻ:<br>ശ്രീ. എസ്. ശർമ്മ:<br>ശ്രീമതി. കെ.എസ്.സലീഖ:<br>ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ): | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മത്സ്യസമ്പത്തിന്റെ പരിരക്ഷയ്ക്ക് ഏതെങ്കിലും ക്രിയാത്മകമായ പദ്ധതികൾ പരിഗണനയിലുണ്ടെങ്കിൽ വിശദമാക്കാമോ; | (എ) മത്സ്യസമ്പത്തിന്റെ പരിരക്ഷക്കായി വിവിധ പദ്ധതികൾ വിഭാവനം ചെയ്യുകയും അഡാക്ക്, ഫിർമ എന്നീ ഏജൻസികൾ മുഖേന നടപ്പാക്കുകയും ചെയ്തുവരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായലിലും വേമ്പനാട്ടു കായലിൽ മുഹമ്മ പഞ്ചായത്തിലെ പാതിരാമണലിലും മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മത്സ്യസമ്പത്തിന്റെ പരിരക്ഷയ്ക്കായി 2014-15 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷ് സാങ്ച്വറികൾ സ്ഥാപിക്കൽ, വയനാട്, ഭൂതത്താൻകെട്ട് എന്നീ സ്ഥലങ്ങളിൽ മത്സ്യവിത്തുൽപ്പാദന കേന്ദ്രം സ്ഥാപിക്കൽ, ശാസ്താംകോട്ട, മൂവാറ്റുപുഴ തുടങ്ങിയ ജലാശയങ്ങളിലെ മത്സ്യസമ്പത്തിന്റെ സംരക്ഷണം തുടങ്ങിയ പദ്ധതികൾ ഫിർമ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ അലങ്കാര മത്സ്യ സമ്പത്തിന്റെ വർദ്ധനയ്ക്കായുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.<br><br>സമുദ്ര മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിന് മത്സ്യങ്ങളുടെ പ്രജനനകാലത്ത് (ജൂൺ-ജൂലൈ മാസങ്ങളിൽ) വർഷം തോറും 47 ദിവസത്തെ ട്രോളിംഗ് നിരോധനം നടപ്പാക്കിവരുന്നു. അനധികൃത മത്സ്യബന്ധന രീതികളിലൂടെയുള്ള മത്സ്യബന്ധനം തടയുന്നതിനും അതിലൂടെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും കടൽ പട്രോളിംഗ് നടത്തി നിയമനടപടികൾ സ്വീകരിച്ചു വരുന്നു. അമിതമായ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് KMFR Act 1980 പ്രകാരം |

അർഹമായ മത്സ്യബന്ധന യാനങ്ങൾക്ക് മാത്രം ഫിഷറീസ് വകുപ്പിൽ നിന്ന് രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ നൽകി വരുന്നു. സാമൂഹ്യ മത്സ്യകൃഷി, സീറാഞ്ചിംഗ് പദ്ധതി പ്രകാരം മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഉൾനാടൻ ജലാശയങ്ങളിലും കായലുകളിലും മത്സ്യക്കുഞ്ഞുങ്ങളെയും ചെമ്മീൻ വിത്തുകളെയും നിക്ഷേപിക്കുന്നുണ്ട്. കടലിലെ പാര് മത്സ്യങ്ങളുടെ വംശ വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് കൃത്രിമ പാര് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം മത്സ്യസമ്പത്ത് സംരക്ഷിക്കുവാൻ ബോധവത്ക്കരണ പരിപാടികളും നടത്താറുണ്ട്.

കേരളത്തിലെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് 2012-15 കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മത്സ്യസമൃദ്ധി പദ്ധതിയും നടപ്പാക്കിവരുന്നു. ടി പദ്ധതി പൂർത്തിയാക്കുന്നതോടെ ഉൾനാടൻ മത്സ്യഉൽപാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്.

| | |
|---|---|
| (ബി) കേരള തീരത്തെ കടൽമത്സ്യ ലഭ്യത വർഷംതോറും കുറഞ്ഞുകൊണ്ടിരിക്കുകയാണെന്നകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) മത്സ്യസമ്പത്തിന്റെ ആവശ്യകതയും ലഭ്യതയും സംബന്ധിച്ച കണക്കുകളും മത്സ്യമേഖല നേരിട്ടുകൊണ്ടിരിക്കുന്ന തകർച്ചയും സംബന്ധിച്ച് മനസ്സിലാക്കിയിട്ടുണ്ടോ, എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ? | (സി) മത്സ്യലഭ്യത സംബന്ധിച്ച ഫിഷറീസ് വകുപ്പിന്റെ 2013-14 എസ്റ്റിമേറ്റഡ് കണക്കു പ്രകാരം സംസ്ഥാനത്തെ മത്സ്യഉൽപാദനം 708645 മെട്രിക് ടൺ ആണ്. ഇതിൽ 522308 മെട്രിക് ടൺ സമുദ്ര മത്സ്യ ഉൽപാദനവും 186337 മെട്രിക് ടൺ ഉൾനാടൻ മത്സ്യ ഉൽപാദനവും ആകുന്നു.<br><br>കേരളത്തിൽ നിന്നുള്ള കടൽ മത്സ്യകയറ്റുമതിയിൽ കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കുറവുണ്ടായിട്ടില്ല. അതിനുപരി 2004-2005 -ൽ 37000 ടൺ ആയിരുന്നത് 2011-12-ൽ 1,55,000 ടൺ ആയും 2012-13-ൽ 1,66,394 ടൺ ആയും വർദ്ധിച്ചുവെന്നാണ് MPEDA റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കയറ്റുമതിമൂലം 2004-05-ൽ 1158 കോടി ആയിരുന്നത് 2012-13-ൽ 3436 കോടിയായി വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ